# അക്കാഡമിക് മാസ്റ്റർ പ്ലാൻ
## 2025-2026

ജി.റ്റി.എച്ച്.എസ്സ്.എസ്സ് മുരിക്കാട്ടുക്കുടി
സ്കൂൾ കോഡ് 30067

## ആമുഖം

ഒരു വിദ്യാലയത്തിന്റെ ആത്മാവ് എന്നത് ആ വിദ്യാലയത്തിൽ നടക്കുന്ന അക്കാഡമിക്ക് പ്രവർത്തനങ്ങൾ ആണ്. ഭൗതിക സാഹചര്യം എത്ര നന്നായാലും അക്കാഡമിക് നിലവാരം മോശമെങ്കിൽ അ വിദ്യാലയത്തിന്റെ പ്രകടനം എറ്റവും മോശമെന്ന് പറയാം. ഈ വിദ്യാലയത്തിന്റെ മുഖ്യ ലക്ഷ്യങ്ങളിൽ ഒന്ന് ഒരു കുട്ടിയിൽ ഉള്ള മികവിനെ അവന്റെ മാനസ്സിക ശാരീരിക സാമൂഹിക അവസ്ഥകൾ മനസ്സിലാക്കി എറ്റവും തിളക്കമുള്ളതാക്കുക എന്നതാണ് .ഇതിനായി ഒരു പ്ലാൻ തയ്യാറാക്കുമ്പോൾ അനവധി വെല്ലുവിളികൾ നേരിടേണ്ടി വരുന്നു. ഇവയെല്ലാം കണക്കിലെടുത്ത് കൊണ്ട് പ്ലാനിന്റെ ലക്ഷ്യങ്ങൾ തീരുമാനിച്ച.

ചുരുക്കം

മൂന്നവർഷം കൊണ്ട് അക്കാദമിക് രംഗത്ത് കേരളത്തിലെ ഏറ്റവും മികച്ച നിലവാരത്തിലെ സ്കൂളുകളിൽ ഒന്നായി മാറുക. ഈ സ്കൂളിൽ നിന്നും പഠിച്ചിറങ്ങുന്ന കുട്ടി ജീവിതത്തിലെ ഏത് മേഖയാണോ തെരഞ്ഞെടുക്കുന്നത് ആ മേഖലയിലെ ഏറ്റവും മികച്ച വ്യക്തിയായി മാറുവാൻ കഴിയുവാൻ വേണ്ട പരിശീലനം നൽകുക.

## കൈവരിക്കേണ്ട പൊതു ലക്ഷ്യങ്ങൾ

1) എല്ലാ കുട്ടികളെയും മാതൃഭാഷയിൽ പഠന നിലവാരമനുസരിച്ച് എഴുതുവാനും വായിക്കുവാനും കഴിവുള്ളവർ ആക്കുക .

2) ഇംഗ്ലീഷ്, ഹിന്ദി എന്നിവയിൽ 3 വർഷം കൊണ്ട് പ്രായ ഘട്ടത്തിനും മാനസ്സിക നിലവാരത്തിന്റെയും അടിസ്ഥാനത്തിൽ  എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനും ഉള്ള കഴിവ്

3 ) ഗണിതത്തിന്റെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുകയും ഓരോ ക്ലാസ്സിലും ലഭിക്കേണ്ട കാര്യങ്ങൾ കിട്ടുന്നുണ്ടെന്നു ഉറപ്പു വരുത്തൽ

4 ) പ്രകൃതിയുമായി ഇണങ്ങി ചേർന്ന് കൊണ്ടുള്ള ശാസ്ത്ര പഠനം

5) പ്രായോഗികതയിലും മാനവീകതയിലും ജനാതിപത്യത്തിലും ഊന്നിയുള്ള സാമൂഹ്യ ശാസത്ര പഠനം

6) കുട്ടികളെ കലാ, കായിക, ശാസ്ത്ര, ഗണിത മത്സരങ്ങൾ, സ്കോളർഷിപ്പ് പരീക്ഷകൾ എന്നിവയ്ക്ക് കുട്ടികളെ പ്രാപ്തരാക്കൽ

7) ഭാവിയിലേയ്ക്ക് കൈത്താങ്ങാകുന്ന തൊഴിൽ പരിശീലനം, PSC ,UPSA തുടങ്ങിയ മത്സര പരീക്ഷകൾക്കുള്ള മാറിയ രീതിയിൽ ഉള്ള പ്രാഥമിക പരിശീലനം

8 ) മലയാളം മീഡിയത്തിൽ നിന്നും ഇംഗ്ലീഷ് മീഡിയത്തിലേയ്ക്കുള്ള മാറ്റം തുടർപഠനത്തെ ബാധിക്കാതിരിക്കുവാൻ ഉള്ള ഒരുക്കം

9 ) മികച്ച ഉച്ചഭക്ഷണ വിതരണ സംവിധാനം

10) കലാ കായിക മേഖലയ്ക്ക് പ്രത്യേക അദ്ധ്യാപകരുടെ സേവനം

11 ) ദിന്ന ശേഷിയുള്ളവർക്ക് ഉള്ള പ്രത്യേക പാഠ്യപദ്ധതികളും, കലാ കായിക പദ്ധതികളും പ്രത്യേക അദ്ധ്യാപികയുടെ മേൽനോട്ടത്തിൽ

## ചരിത്രം

ഇടുക്കി ജില്ലയിൽ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിൽ സ്വരാജിൽ SH59 റോഡിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന മുരിക്കാട്ടുകുടി ഗവ: ട്രൈബൽ ഹയർസെക്കണ്ടറി സ്ക്കൂൾ 1954-ൽ കേരള സംസ്ഥാനം നിലവിൽ വരുന്നതിന് മുമ്പ് സ്ഥാപിതമായി ' 'പയൽ സ്ക്കൂൾ എന്ന പേരിലാണ് അന്ന് ഈ സ്ക്കൂൾ അറിയപ്പെട്ടിരുന്നത് '. ട്രൈബൽ ഏരിയയായ മുരിക്കാട്ടുകുടിയിൽ ഏകാദ്ധ്യാപക വിദ്യാലയമായി സ്ഥിതി ചെയ്തിരുന്ന ഈ സ്ക്കൂൾ കേരള സംസ്ഥാനം നിലവിൽ വന്നതിനു ശേഷ ഗവ: ട്രൈബൽ LP സ്ക്കൂൾ എന്ന പേരിൽ അറിയപ്പെട്ടു.തുടർന്ന് up സ്ക്കൂൾആയി ഉയർത്തപ്പെട്ടു .1981 ൽ ഹൈസ്ക്കൂൾ ആയി . 1991-ൽ സംസ്ഥാനത്ത് ഹയർ സെക്കണ്ടറി നിലവിൽ വന്നപ്പോൾ ഈ സ്ക്കൂളും ഹയർ സെക്കണ്ടറി സ്ക്കൂൾ ആയി ഉയർത്തി.. സ്കൂളിന് 5.41ഏക്കർ സ്ഥലം ഉണ്ട്. 1500ൽ പരം കുട്ടികൾ പഠിച്ചിരുന്ന സകൂളിന്റെ ദൗതിക സൗകര്യത്തിന്റെ കുറവിനാൽ കുട്ടികൾ കുറയുവാൻ തുടങ്ങി .സൗകര്യങ്ങളുടെ അഭാവം സ്കൂളിന്റെ നിലനിൽപ്പിനെ തന്നെ ബാധിച്ചേക്കുമെന്ന അവസ്ഥയിൽ ഇതു മെച്ചപ്പെടുത്താനുള്ള ശ്രമങ്ങളുടെ ഭാഗമായി PTA യുടെയും ജനപ്രതിനിധികളുടെയും അദ്ധ്യാപകരുടെയും ഒരു കൂട്ടായ പ്രവർത്തനം ഈ സ്കൂളിനെ ഇടുക്കി മണ്ഡലത്തിൽ നിന്നും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന സ്കൂളായി തിരഞ്ഞെടുത്തു.നിലവിൽ 36 ക്ലാസ് മുറികൾ , രണ്ട് സയൻസ് ലാബ് ഒരു ഗണിതലാബ്,രണ്ടു സ്മാർട്ട് ക്ലാസ്സ് റൂം,ലൈബ്രറി,ആധുനിക രീതിയിലുള്ള കിച്ചൻ ,മെസ്സ് ഹോൾ,ഓഡിറ്റോറിയം എന്നിവ ഉണ്ട്.എന്നിരുന്നാലും ഫർണിച്ചറിന്റെ അഭാവം ഇവയുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്

## അദ്ധ്യാപക -വിദ്യാർഥി എണ്ണം

| POST | എണ്ണം |
|---|---|
| HEAD MASTER | |
| Teaching staff | 19 |
| Non teaching staff | 4 |
| Counsellor | 1 |
| IEDS teacher | 1 |
| P E | |
| Craft | 1 |
| Drawing | 1 |


| | TOTAL | BOYS | GIRLS |
|---|---|---|---|
| TOTAL | 359 | 191 | 168 |
| SC | 67 | 36 | 31 |
| ST | 124 | 70 | 54 |

## പഠന പ്രക്രിയയിൽ നേരിടുന്ന പ്രശ്നങ്ങൾ

- സ്ഥിരമായി അവധിയെടുതൽ/ നിസാര കാരണത്തിന് കുട്ടിയെ സ്കൂളിൽഅയക്കാതിരിക്കുക
- കുടുംബ പ്രശ്നങ്ങൾ/ രോഗങ്ങൾ /ദാരിദ്രം
- ഏകരക്ഷിതാവിന്റെ സംരക്ഷണത്തിൽ കഴിയുന്നതിന്റെ പ്രശ്നങ്ങൾ
- രക്ഷിതാക്കളുടെ നിരക്ഷരത / താത്പര്യം ഇല്ലായ്മ
- വീട്ടിൽ പഠിക്കുവാൻ സാഹചര്യമില്ലായ്മ (ഒറ്റ മുറി വീടുകൾ)
- മറ്റു ഭാഷ സംസാരിക്കുന്ന (തമിഴ്, വ്യത്യസ്തമായ ആയ ഗോത്രഭാഷകൾ) പ്രദേശത്തു നിന്നുള്ള കുട്ടികൾക്ക് മാതൃഭാഷയുമായുള്ള അകൽച്ച
- 5,8 ക്ലാസുകളിൽ എത്തുന്ന കുട്ടികൾക്ക് അക്ഷരം, ചിഹ്നങ്ങൾ എന്നിവ ഉറയ്ക്കാതിരിക്കൽ
- വൈവധ്യങ്ങളുടെ ക്ലാസ് റൂം പല ഭാഷ, പല സംസ്കാരം പല പ്രദേശങ്ങൾ ( കോവിൽമല, ഇടമലക്കുടി,മറയൂർ,പൂപ്പാറ,അടിമാലി..)
- വായനയുടെ കുറവ്

**ഇവയെല്ലാം കണക്കിലെടുത്ത് പാഠ്യപാഠ്യേതര പദ്ധതികൾ മുന്നോട്ട് പോകുന്നു**

**അക്കാദമിക്ക് മാസ്റ്റർ പ്ലാൻ ഘടന**




**എസ് ആർ ജി കൂടി സബ്ജറ്റ് / ക്ലാസ്സ് തല മാസ്റ്റർ പ്ലാനുകളുടെ നടപ്പിലാക്കലും**

**പുതുക്കലും മൂല്യ നിർണയങ്ങളും**

## സഹായം നല്കേണ്ട എജൻസി

**SSK , സന്നദ്ധ സംഘടനകൾ, ജില്ലാ പഞ്ചായത്ത്**

## പദ്ധതികൾ

### ഹസ്വകാലം(വർഷം മുഴുവൻ)

- ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട ശേഷികൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പു വരുത്തൽ
- മലയാളം, ഇംഗ്ലീഷ്' ഹിന്ദി എന്നിവയിൽ എല്ലാ കുട്ടികളും എഴുതുവാനും വായിക്കുവാനും ഉള്ള കഴിവുകൾ നേടിയെടുക്കുക [ പ്രവർത്തനങ്ങൾ: മലയാളത്തിളക്കം, Hello English, അച്ഛാ ഹിന്ദി ,ശ്രദ്ധ]
- ഇംഗ്ലീഷ് ,ഹിന്ദി എന്നീ ഭാഷകളിൽ കൂടി അസംബ്ലി നടത്തുക
- സംവാദങ്ങൾ, ചർച്ചകൾ
- ചതുഷ്കിയയിൽ ഉള്ള പ്രാവീണ്യം
- യാത്രകൾ
- സാമൂഹിക പ്രതിബദ്ധതയുള്ളവരായി വളന്നു വരുവാൻ ഉള്ള പരിശീലനം ( സാമൂഹിക സേവനം)
- സംവാദങ്ങൾ
- SSLC 100 % വും കൂടുതൽ A+കളും
- പുതിയ സാങ്കേതികൾ കൂടി പഠന ലക്ഷ്യങ്ങൾ നേടാനായി ഉൾപ്പെടുത്തുക

**പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ**

**റാലികൾ**

**ദിനാചരണങ്ങൾ**

**ബോധവൽക്കരണ ക്ലാസ്സുകൾ**

**സെമിനാറുകൾ**

**പ്രദർശനങ്ങൾ**

**യോഗാ പരിശീലനം**

**പെൺകുട്ടികൾക്ക് കരാട്ടേ പരിശീലനം**

**തൊഴിൽ പരിശീലനം**

**വിവിധ ക്ലബ് പ്രവർത്തനങ്ങൾ**

**ജെ 'ആർ.സി/ബാലജനസംഖ്യം പ്രവർത്തനങ്ങൾ**

**സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീം പ്രവർത്തനങ്ങൾ**

**ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൻറെ പ്രവർത്തനങ്ങൾ**

**ഫീൽഡ് ട്രിപ്പുകൾ**

**കൃഷി പരിപാലനം**

**നന്മ / സീഡ് പ്രവർത്തനങ്ങൾ**

**ആർട്ട്സ്, സ്പോർട്ട് സ്, ക്രാഫ്റ്റ് എന്നിവയിൽ സ്പെഷ്യൽ ടീച്ചേഴ്സിന്റെ പരിശീലനം '**

**പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി പരിശീലനം സിദ്ധിച്ച പ്രത്യേക അധ്യാപിക**

**24x7 കൗൺസിലിങ്ങ് സൗകര്യം**

**ജീവിത നൈപുണീ ക്ലാസ്സുകൾ**

## മധ്യകാലം ( 1-2 വർഷത്തിന്നുള്ളിൽ)

- മലയാളം തെറ്റുകൂടാതെ എഴുതാൻ ശീലിക്കുക, വായനാശീലം വളർത്തുന്നതിലൂടെ സ്വന്തമായ ശൈലി രൂപപ്പെടുത്തുക.
- മിട്ടീ ഹിന്ദി
- ഇംഗ്ലീഷ് ഹിന്ദി എന്നിവ സം സാംരിക്കുവാൻ പ്ലാൻ തയ്യാറാക്കി മൊ ഡ്യൂൾ ഉണ്ടാക്കി പരിശീലനം നൽകുക
- നാടകങ്ങൾ പ്രസംഗങ്ങൾ,എന്നിവയ്ക്ക അവസരം നൽക്കുക
- മേളകൾ, കലാകായിക മത്സരങ്ങൾ എന്നിവയിൽ പങ്കെടുപ്പിക്കൽ ഇത് പിന്നീട് ജില്ലാ സംസ്ഥാന തലങ്ങളിൽ ഉള്ള മത്സരത്തിന്റെ മുന്നൊരുക്കം
- സാമൂഹ്യ ശാസ്ത്രമേളകളിൽ പങ്കെടുപ്പിക്കൽ
- ഭൂമിശാസ്ത്ര മോഡലുകളുടെ നിർമ്മാണം
- ലാബ് ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള പ്രാവീണ്യം
- പരിസ്ഥിതി സൗഹൃദപരമായി ജീവിക്കുവാനുള്ള പ്രാവീണ്യം
- പ്രകൃതിയുമായി ഇണങ്ങി ചേർന്നുള്ള പഠനം (ജൈവ വൈവിധ്യ പാർക്ക്)
- ശാസ്ത്രമേളകളിലും മത്സര പരീക്ഷകളിലും കുട്ടികളെ പങ്കെടുപ്പിക്കൽ
- ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.
- ജ്യാമിതിയരൂപങ്ങളെക്കുറിച്ചുള്ള ധാരണയും അവയുടെ അളവുകൾ കൈകാര്യം ചെയ്യുവാനുള്ള ശേഷിയും
- നിത്യജീവിതത്തിൽ ഗണിത ക്രിയകൾ ചെയ്യുവാനുള്ള ശേഷി കൈവരിക്കൽ
- ബീജഗണിത വാചകങ്ങളെ നിർദ്ധാരണം ചെയ്യുന്നതിന് ഉള്ള പരിശീലനം

## ദീർഘകാലം .( 1-5 വർഷത്തിന്നുള്ളിൽ)

- ആനുകാലിക പ്രസിദ്ധീകരണങ്ങളുൾപ്പെടെ മലയാളം ,ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ ഉള്ള വായനയെ ഗൗരവത്തോടെ സമീപിക്കുക.
- സാഹിത്യരചനകളിലേർപ്പെടുക .സ്കൂൾ, ക്ലാസ്സ് തല മാഗസിനുകൾ നിർമ്മിക്കുക.
- സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരണം
- എല്ലാ ക്ലാസിലെയും കുട്ടികൾക്ക് LSS,USS,PSC,UPSA,SSC തുടങ്ങിയ മത്സര പരീക്ഷകൾക്ക് ഉള്ള അടിസ്ഥാന പരിശീലനം
- ഗണിതപ്പുര വിപുലീകരിക്കൽ
- geography Lab., വിപുലീകരിക്കൽ
- സയൻസ് ലാബ് ,വിപുലീകരിക്കൽ
- Comp Lab വിപുലീകരിക്കൽ
- E-വായനക്കു ഉതുകുന്ന വിധമുള്ള അത്യാധുനിക ലൈബ്രറി
- ഗണിത, ശാസ്ത്ര ,മേളകളിൽ ഉള്ള പ്രാതിനിധ്യം
- ഒരുക്കം

## ഭിന്നശേഷിയുള്ള കുട്ടികൾക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ

- അസ്വദിച്ച് പഠിക്കുവാനുള്ള സാഹചര്യം ഒരുക്കി കൊടുക്കുന്നു.
- കുട്ടിയുടെ കഴിവും പ്രാപ്തിയും മനസ്സിലാക്കി സിമ്പിൾ കോംപ്ലക്സ് പാഠഭാഗങ്ങൾ പറഞ്ഞുകൊടുക്കുക
- കുട്ടി മനസ്സിലാക്കുന്നത് അനുസരിച്ച് വായിക്കാൻ എഴുതാൻ പഠിപ്പിക്കുക
- കുട്ടിക്ക് നിലവിൽ എന്താണ് അറിയാവുന്നത് അതിൽനിന്നും പഠിപ്പിച്ചു തുടങ്ങുക
- ഒരു പാരഗ്രാഫ് വായിക്കാൻ പഠിച്ചാൽ അതിൽനിന്ന് വരാവുന്ന ചോദ്യോത്തരങ്ങൾ പറയാനും എഴുതാനും പഠിപ്പിക്കാം
- കണക്ക് എണ്ണം , ചതുഷ്ക്രിയകൾ പട്ടികകൾ പഠിപ്പിക്കുക , വിവിധ രീതിയിലുള്ള കണക്കുകൾ ചെയ്തു കാണിച്ചു കൊടുത്തു പഠിപ്പിക്കാം
- കുട്ടിയുമായി ടീച്ചർ നല്ല വ്യക്തി ബന്ധം സ്ഥാപിച്ചു കുട്ടിയുടെ നന്മകൾ കണ്ട് പ്രോത്സാഹിപ്പിച്ചു കൊണ്ടുള്ള പഠനരീതി
- കുട്ടികളുടെ parents മീറ്റിംഗ് മാസത്തിലൊരുതവണ നടത്തുന്നു ഇടയ്ക്കിടെ ഭാവന സന്ദർശനങ്ങൾ നടത്തുക
- കുട്ടികളുടെ കലാപരവും കായികവുമായ പരവുമായ കഴിവുകൾ കണ്ടെത്തി പരിശീലനം കൊടുക്കുകയും. അവസരം കിട്ടുമ്പോൾ മത്സരത്തിനും മറ്റും പങ്കെടുക്കുകയും ചെയ്യും
- IED കുട്ടികൾക്കായി ടൂർ പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നു

അവരിൽ ഉള്ള കഴിവനുസരിച്ച് ഏതെങ്കിലും തൊഴിൽ മേഖലകളെ പരിചയപ്പെടുത്തുകയും അതിൽ പരിശീലനം കൊടുക്കുകയും ചെയ്യുക

## കായികം

കായിക രംഗത്ത് മികച്ചു നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക കോച്ചിംഗ് നൽകി State level ൽ എത്തിക്കാൻ ശ്രമിക്കും പ്രഅതിനു പ്രാപ്തരായ കുട്ടികളെ കണ്ടെത്തി.
പ്രാദേശികമായ താല്പര്യവും മറ്റും കണക്കിലെടുത്ത് താഴെപ്പറയുന്ന ഇനങ്ങളിൽ ഏതെങ്കിലും ഒരു കുട്ടി തെരഞ്ഞെടുക്കുകയും അതിൽ നിർബന്ധമായും പരിശീലനം നേടുവാനുമുള്ള സൗകര്യം ഒരുക്കി കൊടുക്കൽ
ഫുട്ബോൾ
ക്രിക്കറ്റ്
വോളിബോൾ
കബഡി
ബാഡ്മിൻറൺ
കഴിവുള്ള കുട്ടികളെ കണ്ടെത്തി അത്‌ലറ്റിക്സിൽ പ്രത്യേക പരിശീലനം
സ്കൂളിൽ ജിംനേഷ്യം സ്ഥാപിക്കുക
നീന്തൽ പരിശീലനം നൽകുവാനുള്ള സൗകര്യം ഒരുക്കുക
മറ്റു ഗെയിം ഇനങ്ങളിൽ കൂടി സൗകര്യമൊരുക്കി പരിശീലനം നൽകുക
ഇൻഡോർ കോർട്ട് പഴയ കെട്ടിടം പുതുക്കി നിർമ്മിക്കുക

## കലാരംഗം

ഡാൻസ് 1 പാട്ട് ചിത്രരചന പ്രവർത്തി പരിചയത്തിനായുള്ള സ്പെഷ്യൽ കോച്ചിംഗ് നൽകാൻ സൗകര്യമൊരുക്കും.യോഗ, കരാട്ടേ, കളരിപ്പയറ്റ് 1 എന്നിവയ്ക്ക് കോച്ചിംഗ് മാസ്റ്ററെ വയ്ക്കും

## ഉച്ചഭക്ഷണ വിതരണം

സ്കൂൾ പച്ചക്കറിത്തോട്ടം ഉപയോഗപ്പെടുത്തിയുള്ള ഉച്ചഭക്ഷണം

അത്യാധുനിക പാചകപ്പുര, മെസ്സ് ഹാൾ
അടച്ചുറപ്പുള്ള സ്റ്റോറും

## സാമൂഹിക പദ്ധതികൾ

**എസ്.എം.സി.**

**എസ്.എം ഡി. സി**

**പി.ടി.എ, / ക്ലാസ്സ് പി.ടി.എ/ ലോക്കൽ പി.ടി.എ**

**ഭവന സന്ദർശനങ്ങൾ**

**അമ്മയറിയാൻ**

**ഓർമ്മച്ചെപ്പ് ( പൂർവ്വ വിദ്യാർത്ഥി സംഘം)**

**കരിയർ ഗൈഡൻസ് ക്ലാസ്സുകൾ**

**നന്മ- വിഷമം നേരിടുന്ന കുട്ടികൾക്കായി അധ്യാപകരുടെ നേതൃത്വത്തിൽ ചികിത്സാ സഹായ നിധി, നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ഭവന നിർമ്മാണം**

**ഭക്ഷണ കിറ്റുകളുടെ വിതരണം,**

**OR C യുടെ ഭാഗമായി വിത്യസ്ത ഗവൺമെൻറ് വകുപ്പുകളുടെയും മറ്റു സംഘടനകളുടെയും സേവനങ്ങൾ**

**ആരോഗ്യ വകുപ്പ്** - കൃത്യമായ ചെക്കപ്പ്, പ്രതിരോധ മരുന്നുകൾ, വാക്സിനുകൾ ,ആരോഗ്യ മേഖലയിലുള്ള കൃത്യമായ ഇടപെടിൽ

**ആഭ്യന്തര വകുപ്പ്** - ഓപ്പറേഷൻ ഗുരുകലം

**സാമൂഹ്യനീതി വകുപ്പ്** - കുട്ടികളുടെ വ്യക്തിപരമായ പ്രശ്നങ്ങളിലുള്ള കൃത്യമായ ഇടപെടീൽ

**എക്സൈസ്** - ബോധവൽക്കരണ ക്ലാസ്സുകൾ

**പട്ടികവർഗ്ഗ വികസന വകുപ്പ്** - യാത്രാ സഹായ ധനം ( വിദ്യാവാഹിനി )

**വനം വകുപ്പ്** - വൃക്ഷ തൈകൾ

**കൃഷി വകുപ്പ്** - ( , പച്ചക്കറി .വിത്തുകൾ, തൈകൾ, ആവശ്യമായ സാങ്കേതിക സഹായം )

**ഈ ലക്ഷ്യങ്ങൾ പ്രാപ്തമാക്കണമെങ്കിൽ കൃത്യമായ ആസൂത്രണം നടത്തണം. ഇവ നടത്തുന്നതിനു വേണ്ടി പൊതുവായ ആദ്യഘട്ടത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ**

1) Pre test നടത്തി കുട്ടികളുടെ നിലവാരം അളക്കുന്നു

2) പോരായ്മകളും മേൽമകളും കണ്ടു പിടിച്ച് അവ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ തീരുമാനിച്ച് മൊഡ്യൂളുകൾ തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കുന്നു

ഭൗതിക സൗകര്യ വികസനം അനുസരിച്ച് കൂടുതൽ ലക്ഷ്യങ്ങൾ നിർവചിച്ച് നടപ്പിലാക്കുന്നു

## വിഷയാടിസ്ഥാനത്തിൽ ഉള്ള ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

### മലയാളം

**ഹ്രസ്വകാലം -**

മലയാളം വായിക്കാൻ പ്രാപ്തരാവുക

**മധ്യകാലം -**

മലയാളം തെറ്റുകൂടാതെ എഴുതാൻ ശീലിക്കുക, വായനാശീലം വളർത്തുന്നതിലൂടെ സ്വന്തമായ ശൈലി രൂപപ്പെടുത്തുക.

**ദീർഘകാലം -**

ആനുകാലിക പ്രസിദ്ധീകരണങ്ങളുൾപ്പെടെ വായനയെ ഗൗരവത്തോടെ സമീപിക്കുക. സാഹിത്യരചനകളിലേർപ്പെടുക .ക്ലാസ്സ് തല മാഗസിനുകൾ നിർമ്മിക്കുക.

പഠന പിന്നാക്കാവസ്ഥ നേരിടുന്നവർക്ക് കൂടുതൽ ശ്രദ്ധ നൽകൽ'

### ചുമതലകൾ

ശ്രീജാമോൾ എൻ
ശ്രുതി റ്റി സി
രമ്യ റ്റി നായർ
ദിവ്യ കെ.ആർ
മേരി ജോർജ്
സീന എം.എ

| ലക്ഷ്യങ്ങൾ | തടസങ്ങൾ | ലക്ഷ്യങ്ങൾ പ്രാപ്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ പൂർത്തികരിക്കുന്ന കാലഘട്ടം |
|---|---|---|---|
| പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികളെ മെച്ചപ്പെടുത്തൽ | സമയം താൽപര്യക്കുറവ് | ശ്രദ്ധ പ്രവർത്തനങ്ങൾ അക്ഷരം ഉറപ്പിക്കൽ ,ചിഹ്നം ഉറപ്പിക്കൽ അക്ഷര കാർഡ് വായനാ കാർഡ് ഇവ നൽകൽ ചിത്രങ്ങൾ കണ്ട് കഥ നിർമ്മാണം ,IED ടീച്ചറുടെ സഹായത്തോടെ പ്രത്യേക ക്ലാസുകൾ | 2026മാർച്ച് |
| വായനശീലം വർദ്ധിപ്പിക്കുവാൻ | ആനുകാലികങ്ങളുടെ കുറവ് | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ, വായന മൂല, വായനോത്സവം സംഘടിപ്പിക്കൽ, വായനാ സാമഗ്രികൾ വികസിപ്പിക്കൽ, പുസ്തക ചർച്ച ,വായനാനുഭവ രൂപീകരണം | |
| ക്ലാസ് ലൈബ്രറി നവീകരണം | ഷെൽഫുകളുടെ അഭാവം | കുട്ടികളുടെയും അധ്യാപകരുടെയും സഹായത്തോടെ ക്ലാസ് ലൈബ്രറികൾ സജ്ജമാക്കുന്നു, കുട്ടി ലൈബ്രേറിയനെ തിരഞ്ഞെടുക്കുന്നു | |
| സ്കൂൾ ലൈബ്രറി നവീകരണം | ഫർണ്ണിച്ചറുകളുടെയും ഷെൽഫിന്റെ യും അഭാവം | പുസ്തകങ്ങൾ സെറ്റ് തിരിക്കൽ, അവയുടെ ക്രമീകരണം .എല്ലാ ദിനവും പ്രയോജനപ്പെടുത്താവുന്ന രീതിയിൽ ക്രമീകരിക്കൽ | |
| വായനോത്സവം സംഘടിപ്പിക്കൽ | | പത്രവായന, ആനുകാലികങ്ങൾ വായിക്കുക, പുസ്തകചർച്ച | |
| ഇ- വായന | ഡിജിറ്റൽ ഉപകരണങ്ങളുടെ അപര്യാപ്തത ! എല്ലാ ക്ലാസിലും പ്രൊജക്ടർ സൗകര്യം ലഭ്യമല്ലാത്തത്. | ഇ വായനയുടെ സാധ്യതകൾ കണ്ടെത്താൻ വിക്കിപീഡിയ കണ്ടെത്തൽ വായന കൂട്ടത്തിന്റെയും എഴുത്തു കൂട്ടത്തിന്റെയും നേതൃത്വത്തിൽ ബ്ലോഗ് രൂപീകരണം | |
| പരമാവധി കുട്ടികൾക്കെങ്കിലും എ പ്ലസ് നേടി എടുക്കുക | | വായനയുടെ പരിപോഷണത്തിലൂടെ സ്വന്തം ശൈലി രൂപീകരിക്കുക മാതൃകാ പരീക്ഷകൾ നടത്തി | |

| | | | |
|---|---|---|---|
| | | പരീക്ഷയെ നേരിടാൻ ശീലിപ്പിക്കുക | |
| കുട്ടികളുടെ സർഗ്ഗശേഷി പരിപോഷിപ്പിക്കുന്നതിനായി FM സ്റ്റേഷൻ | സമയത്തിന്റെ ലഭ്യത കുറവ് | വാർത്ത വായനയിലൂടെ സ്വന്തം ശൈലി രൂപപ്പെടുത്തി എടുക്കുന്നു, സർഗ്ഗശേഷി പരിപോഷിപ്പിക്കുന്നു | 2025- 2026 |
| ക്രിയേറ്റ് കോർണറുമായി ബന്ധപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ | സമയത്തിന്റെ ലഭ്യത കുറവ് | ക്രിയേറ്റീവ് കോർണറുമായി ബന്ധപ്പെടുത്തി പാഠഭാഗങ്ങൾ പഠിപ്പിക്കുന്നു. | |
| | | | |

## English

### ഹ്രസ്വകാലം

- ഇംഗ്ലീഷ്' എന്നിവയിൽ എല്ലാ കുട്ടികളും സംസാരിക്കാനും എഴുതുവാനും വായിക്കുവാനും ഉള്ള കഴിവുകൾ നേടിയെടുക്കുക
- ഇംഗ്ലീഷ് എന്നീ ഭാഷകളിൽ കൂടി അസംബ്ലി നടത്തുക
- ആഴ്ചയിൽ ഒരു ദിവസം English Day .ഇംഗ്ലീഷ് പ്രസംഗങ്ങൾ ,കവിതകൾ, Songs, Drama എന്നിവ അവതരിപ്പിക്കുവാൻ അവസരം
- Helping hands പദ്ധതി - 180 ദിവസം കൊണ്ട് ലിസണിങ് ,സ്പീക്കിംഗ്, റീഡിങ് ,റൈറ്റിംഗ് എന്നിവയിലെ അടിസ്ഥാനശേഷികൾ വികസിപ്പിച്ചെടുക്കുന്ന പദ്ധതി
- Basic grammar

### മധ്യകാലം

- സംവാദങ്ങൾ, ചർച്ചകൾ
- തിരഞ്ഞെടുത്ത 30-35 കുട്ടികൾക്ക് ഇംഗ്ലീഷ് ഹിന്ദി എന്നിവ സം സാംരിക്കുവാൻ പരിശീലനം നൽകുകയും അവരെ ഉപയോഗിച്ച് മറ്റുള്ളവരെ കൂടി സംസാരിക്കുവാൻ പരിശീലിപ്പിക്കുക

### ദീർഘകാലം

- നാടകങ്ങൾ പ്രസംഗങ്ങൾ,എന്നിവയ്ക്ക അവസരം നൽക്കുക
- ആനുകാലിക പ്രസിദ്ധീകരണങ്ങളുൾപ്പെടെ വായനയെ ഗൗരവത്തോടെ സമീപിക്കുക.
- സാഹിത്യരചനകളിലേർപ്പെടുക .
- സ്കൂൾ, ക്ലാസ്സ് തല മാഗസിനുകൾ നിർമ്മിക്കുക.

**ചുമതലകൾ**

**SISSY JOHN K**
**ദിവ്യാ കെ ആർ**
**Chandini**
**റാണി ഫിലിപ്പ്**
**മേരി ജോർജ്**

| Theme | Difficulties | Activities | |
|---|---|---|---|
| Listening | Not getting enough opportunity to hear the language | drama, choreography, Conversation in different situation, hearing stories hearing english Cartoons, reading newspaper ,conducting Assembly in english, Spoken English classes by experts | 2024 sep |
| speaking | Difficulty to capture properwords pronounciation Strange to the language. lack of words in English. Do not know the proper meaning, spelling etc . Strangelf the language | creating-different situation .talk about the situation . To give more situation to hear rhymes ,songs, giving puzzles, language games, provide meaningful context for language use . Encourage players to use the language, spelling games ,skit, monoact, create more situation to hear teacher talk<br>English Assembly | 2025 march |
| Reading | The sound of letters are different in different words, | Show reading cards so attractive pictures and ask about the pictures through graphical reading lead organic reading shows picture story and ask about it make simple stories on chart paper teacher talk cards introducing biography text story books newspaper reading in the Assembly show posters to read hello English program simple story reading<br>literature circles, book clubs, new article analysis.. Have students analyse and discuss news articles | 2024 |
| Writing | according to the pronunciation children could not get the spelling. learning spelling making bore for them some letters different in different location, | to develop the handwriting giving constant practice ,demand a four line book for copywriting ,introduce ascending and descending order through constant practice, chart paper ,writing clippings, labelling things in the classroom, making picture cards with label on them. Happy Birthday cards , write words starts with one alphabet, reading stories in the assembly ,speech in the Assembly ,right sign boards . right Captions on wraps to allow them to write the names of Soap they use daily journal writing, creative writing news article writing, book reviews | 2024 |
| | | Novel programms to enhance English learning…Helping hand, Braim stoming, portfolio making, conducting english fest, roleplay, street play… | |
| Drawing pictures and describing it | Lack if time | With the help of creative Corner students draw pictures in cloth and decorate it. | 2025 |

# ഹിന്ദി

## ലക്ഷ്യങ്ങൾ

- എഴുത്തുവാനും വായിക്കുവാനും ഉള്ള പ്രാവീണ്യം
- സംസാരിക്കുവാനുള്ള പ്രാവീണ്യം
- up ക്ലാസുകളിലെ 10 കുട്ടികളെയെങ്കിലും 10 ആം ക്ലാസിൽ A+ ലഭിക്കുന്ന നിലയിൽ എത്തിക്കണം
- മിട്ടീ ഹിന്ദി

## ഹ്രസ്വകാലം

- എഴുതുവാനും വായിക്കുവാനും ഉള്ള പ്രാവീണ്യം നേടിയെടുക്കുക എന്നത്.ഇതിനായി ഹിന്ദിയോട് താത്പര്യം ഉണ്ടാകുന്ന വിധത്തിൽ ഹിന്ദി വാക്കുകൾ കണ്ടെത്തുക (ഒരു അക്ഷരം നൽകി 10 വാക്കുകൾ കണ്ടെത്തി വരുക ), വാക്കുകളുടെ പൂർത്തീകരണം (ഒരു വക്കിൽ ഒരക്ഷരം വിട്ടു നോട്ടീസ് ബോർഡിൽ നൽകി ), എല്ലാ ആഴ്ചയിലും പ്രസ്നോത്തരി,ഹിന്ദി അസംബ്ലി ,ഹിന്ദി കവിതകളുടെ പൂർത്തികരണം, ഹിന്ദി പ്രസംഗങ്ങൾ സംഘടിപ്പിക്കുക, ഹിന്ദി സെമിനാറുകൾ എന്നീ പ്രവർത്തനങ്ങൾ

## മധ്യകാലം

- സംസാരിക്കുവാനുള്ള പ്രാവിണ്യം
- 2 വർഷത്തിനുള്ളിൽ സംസാരിക്കുവാനുള്ള പ്രാവീണ്യം നേടിയെടുക്കാൻ

*ക്ലാസ്സിൽ ചെറിയ വിഷയങ്ങൾ നൽകി സംസാരിപ്പിക്കുക

## ദീർഘകാലം

up ക്ലാസുകളിലെ 10 കുട്ടികളെയെങ്കിലും 10 ആം ക്ലാസിൽ A+ ലഭിക്കുന്ന നിലയിൽ എത്തിക്കണം

## ചുമതലകൾ

**Sabitha Lakshman, Salini E S**

| ലക്ഷ്യങ്ങൾ | തടസ്സങ്ങൾ | ലക്ഷ്യം നേടിയെടുക്കാനുള്ള പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ കാലഘട്ടം |
|---|---|---|---|
| പിന്നോക്കം നിൽക്കുന്ന കുട്ടികളെ മെച്ചപ്പെടുത്തുക | ഹിന്ദി ഭാഷയിൽ ഉള്ള താൽപര്യകുറവ് | അക്ഷര കാർഡ് വായന കാർഡ് അക്ഷരം ഉറപ്പിക്കാനായി അധിക ക്ളാസുകൾ സംഘടിപ്പിക്കുക, ഒരു അക്ഷരം നൽകി അത് വച്ചുള്ള വാക്കുകൾ കണ്ടെത്തി വരാൻ പറയുക, ചിത്രം കണ്ടു വാക്കുകളെഴുതുക.ചിത്രങ്ങൾ കണ്ട് വാക്യം നിർമ്മിക്കാനുള്ള കഴിവ് നേടുവാനുള്ള പ്രവർത്തനങ്ങൾ | 2026മാർച്ച് |
| എഴുതാനും വായിക്കാനുമുള്ള കഴിവ് ഉണ്ടാക്കിയെടുക്കുക | ഇടയ്ക്കിടെ കുട്ടികൾ ക്ലാസിൽ ഹാജരാകാതിരിക്കുന്നത് | വാക്കുകളുടെ പൂർത്തീകരണം (മത്സരം) സംഘടിപ്പിക്കുക - (ആഴ്ചയിൽ മൂന്ന് /ദിനം തോറും ).ഹിന്ദി കഥ പുസ്തകങ്ങൾ കൊടുത്തുകൊണ്ട് കഥകൾ വായിച്ചു കേൾപ്പിക്കുക തനിയെ വായിക്കാൻ പ്രോത്സാഹിപ്പിക്കുക കവിതകളുടെ പൂർത്തീകരണം | 2026മാർച്ച് |
| Above average ആയ പത്തു കുട്ടികളെയെങ്കിലും എസ്എസ്എൽസിക്ക് A പ്ലസ് നേടിയെടുക്കാൻ പ്രാപ്തരാക്കുക | | വിഷയങ്ങൾ നൽകി ചെറിയ രചന മത്സരങ്ങൾ നടത്തുക.ഹിന്ദി ഗ്രാമർ ഉറപ്പിക്കുക പ്രസംഗം സെമിനാറുകൾ സംഘടിപ്പിക്കുക ഹിന്ദി സംസാരിക്കാനുള്ള കഴിവ് നേടിയെടുക്കുക വായനക്കായി പുസ്തകങ്ങൾ വിതരണം ചെയ്യുക ക്ലാസ്സ് ടെസ്റ്റ് നടത്തുക പോസ്റ്ററുകൾ കത്ത് തയ്യാറാക്കുക | 2026 |

| | | | |
|---|---|---|---|
| കലാമേളകളിൽ പങ്കെടുപ്പിക്കുക | | പ്രസംഗങ്ങൾ കവിതാപാരായണം പരിശീലിപ്പിക്കുക | 2026 |

## സാമൂഹ്യ ശാസ്ത്രം

### ലക്ഷ്യങ്ങൾ

- സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരണം
- സാമൂഹ്യ ശാസ്ത്രമേളകളിൽ പങ്കെടുപ്പിക്കൽ
- SSLC 100 % വും കൂടുതൽ A+കളും
- PSC,UPSA പരീക്ഷകളിൽ ഉള്ള പരിശീലനം
- ഭൂമിശാസ്ത്ര മോഡലുകൾ ഒു ടെ നിർമ്മാണം
- ICT ഉപയോഗിച്ച്
- യാത്രകൾ
- സാമൂഹിക പ്രതിബദ്ധതയുള്ളവരായി വളന്നു വരുവാൻ ഉള്ള പരിശീലനം
- സംവാദങ്ങൾ
- പ്രമുഖരുടെ അഭിമുഖങ്ങൾ ICT ഉപയോഗിച്ച്

### തടസങ്ങൾ

എഴുതുവാനും വായിക്കുവാനും ഉള്ള അറിവില്ലായ്മ

### ചുമതലകൾ

**സിമി യു,എൽ**
**GRACY P C**
**രമ്യ ടി നായർ**

**സീന MA**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലഘട്ടം | സഹായം |
|---|---|---|---|
| സാമൂഹ്യ ശാസ്ത്ര ലാബ് | ഭൂപട നിർമ്മാണം, അറ്റ്ലസ് നിർമ്മാണം ഭൂമിശാസ്ത്രപരമായ മോഡലുകളുടെ നിർമ്മാണം, പ്രദർശനം, അധിക വായനയ്ക്കുള്ള സൗകര്യം | 2027 തോടുകൂടി പൂർണ്ണ രീതിയിൽ | |
| സാമൂഹ്യ ശാസ്ത്രമേളകൾ, വിവിധ മത്സരങ്ങൾ തന്നാവാൻ പങ്കെടുപ്പിക്കൽ, | കുട്ടികളെ അതിനായി കണ്ടെത്തുകയും പരിശീലനം നൽകുകയും ചെയ്യുന്നു<br>- | 2027 തോടുകൂടി ജില്ലാ സംസ്ഥാന മത്സരങ്ങളിൽ ഉള്ള പ്രാതിനിധ്യം | |
| PSC, UPSA പരീക്ഷാ പരിശീലനം | പത്രം വായിക്കുവാൻ പ്രേരിപ്പിക്കുകയും എന്നും 5 ചോദ്യങ്ങർ ക്ലാസ്സിൽ വായിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നു.ഓരോ പാഠം ഭാഗവുമായ ബന്ധപ്പെട്ട 10 ചോദ്യങ്ങൾ എങ്കിലും ഓരോ കുട്ടികളെ കൊണ്ടും നിർമ്മിപ്പിക്കുന്നു | പാഠ്യപദ്ധതിയോടൊപ്പം | |
| ICT സാധ്യതകൾ | ചരിത്ര സംഭവങ്ങൾ, ഭൂമി ശാസത്രം എന്നിവയുമായി ബന്ധപ്പെട്ട വീഡിയോകൾ, KGeography, Marble മുതലായവയു-പയോഗിച്ച് | ക്ലാസിനൊപ്പം | |
| സാമൂഹിക പ്രതിബന്ധത | ഉത്തമ മാതൃകകളെ പരിചയപ്പെടുത്തുന്നു .സാമൂഹിക പ്രതിബന്ധതയുള്ള ക്ഷയങ്ങൾ ഏറ്റെടുത്തു നടത്തുന്നു. | | |
| സംവാദങ്ങൾ,ചർച്ചകൾ | ആഴ്ചയിൽ ഒരിക്കൽ ആ ആഴ്ച്ച സംഭവിച്ച ഒരു പ്രധാന വിഷയത്തെ ആസ്പദമാക്കി സംവാദങ്ങൾ | | |
| ക്രിയേറ്റീവ് കോർണറുമായി ബന്ധപ്പെടുത്തി 5 മേഖലകളിൽ പ്രാവീണ്യം കൊടുക്കുന്നു | പാചകം,കൃഷി,തയ്യൽ പരിശീലനം, പെയിന്റിങ്, പ്ലംബിങ് | 2025 പാഠ്യപദ്ധതിയോടൊപ്പം | SSK |

## സയൻസ്

### ലക്ഷ്യങ്ങൾ

- ലാബ് ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള പ്രാവീണ്യം
- പരിസ്ഥിതി സൗഹൃദപരമായി ജീവിക്കുവാനുള്ള പ്രാവീണ്യം
- പ്രകൃതിയുമായി ഇണങ്ങി ചേർന്നുള്ള പഠനം
- ശാസ്ത്രമേളകളിലും മത്സര പരീക്ഷകളിലും കുട്ടികളെ പങ്കെടുപ്പിക്കൽ
- ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.

### ചുമതലകൾ

ലിൻസി ജോർജ്
ഓമന പി എസ്
ജൂബി തോമസ്
ദിവ്യ കെ.ആർ
ഷൈനമ്മ തോമസ്

| ലക്ഷ്യം | ഉപ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലഘട്ടം | Arer |
|---|---|---|---|---|
| LAB | എല്ലാ കുട്ടികൾക്കും ലാബ് ഉപകരങ്ങൾ കൈകാര്യം ചെയ്യുവാനുള്ള അവസരം പുതിയ ഉപകരണങ്ങൾ രൂപകൽപന ചെയ്യൽ | പരീക്ഷണങ്ങൾ ചെയ്യുവാൻ കുട്ടികൾക്ക് ലാബിൽ തന്നെ അവസരം നൽകുന്നു പരീക്ഷണ കളരി | ലാബ് പൂർണ്ണമായും ക്രമീകരിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങളും കെമിക്കലുകളും സജ്ജീകരിക്കുക 2026 | Ssk |
| ICT | | സയൻസ് പാഠഭാഗവുമായി | | |

| | | | | |
|---|---|---|---|---|
| | | ബന്ധപ്പെട്ടവീഡിയോസ് ചിത്രങ്ങൾ ഗ്രാഫുകൾ അഭിമുഖങ്ങൾ എന്നിവ കാണിക്കുന്നു | | |
| പരിസ്ഥിതി സൗഹൃദ ജീവിതം | മാലിന്യ സംസ്കരണം ജൈവ പച്ചക്കറി പല്പാദനം പ്ലാസ്റ്റിക്ക് വിമുക്ത കോമ്പൗണ് .ബോധവൽകരണം | നാടൻ ഇനങ്ങളുസടെംര ക്ഷണം ഹൈ-ടെക് കൃഷി പരിശീലനം മാലിന്യം തരം തിരിച്ച് സംസ്കരിക്കാനുള്ള പരിശീലനം പ്ലാസ്റ്റിക് നിരോധന ക്യാമ്പ് എന്ന ആശയം നടപ്പിലാക്കുന്നു മണ്ണിര കമ്പോസ്റ്റ് നിർമ്മാണം | 2025 ജൂലൈ | കൃഷിഭവൻ |
| മേളകൾ | പരിശീലനം | ബുള്ളറ്റിൻ ബോർഡ് ശസ്ത്ര മാസികകൾ ശാസ്ത്ര പ്രദർശനങ്ങൾ ക്വിസ് മത്സരങ്ങൾ നന്നാചരണങ്ങൾ, സെമിനാറുകൾ എന്നിവ | | |
| പ്രകൃതിയോട് ഇണങ്ങി ചേർന്നുള്ള പഠനം | ജൈവവൈവിധ്യ പാർക്ക് ഔഷധ സസ്യങ്ങളാടെ പരിപാലനം നാട്ടുമരുന്ന് - നാട്ടറിവുകൾ | ജൈവവൈവിധ്യ പാർക്ക് നിർമ്മാണം സംരക്ഷണം അവയെ പാടെ പദ്ധതിയുമായി ബന്ധപ്പെടുത്തി പ്രയോജനപ്പെടുത്തൽ ലേബലിംഗ് ജൈവ വൈവിധ്യ Reg- തയ്യാറാക്കൽ പ്രാദേശീക നാട്ടറിവുകൾ,നാട്ടുമരുന്നുകൾ; എന്നിവയെക്കുറിച്ചുള്ള കൈയെഴുത്തു മാസിക തയ്യാറാക്കൽ | 2025 | ജില്ലാ പഞ്ചായത്ത് |
| വെർട്ടിക്കൽ ഗാർഡൻ നിർമാണം | സ്ഥലപരിമിതി ഉള്ള ആളുകളിലുംകൃഷി പ്രോത്സാഹിപ്പിക്കുക | ക്രിയേറ്റീവ് കോർണർ ഉപയോഗപ്പെടുത്തി വെർട്ടിക്കൽ ഗാർഡൻ നിർമാണം സ്കൂൾ അടുക്കളത്തോട്ട നിർമ്മാണം | 2025 | ssk |
| ക്രിയേറ്റീവ് | തൊഴിൽ | ഇലക്ട്രിക് വർക്ക്, | 2025 | ssk |

| | | | | |
|---|---|---|---|---|
| കോർണർ | പരിശീലനം | പ്ലംബിങ്ങ് ഇവയിൽ തൊഴിൽ പരിശീലനം | | |
| | | | | |

## ഗണിതം

ഇന്ന് കുട്ടികൾ എറ്റവും അധികം വിഷമം നേരിടുന്ന ഒരു വിഷയമാണ് ഗണിതം.ഒരു ഗണിതാശയം മറ്റൊന്നിന്റെ തുടർച്ചയായതിനാൽ പഠനത്തിന്റെ എതങ്കിലും ഒരു ഘട്ടത്തിൽ ഉറച്ചു പോകാത്ത ഒരു ഗണിതാശയം ഒരു പരിധി വരെ തുടർന്നുള്ള പഠനത്തെ ബാധിക്കുന്നു .കൂടാതെ അമൂർത്ത്യങ്ങൾ ആയ ആശയങ്ങളെ വിശകലനം ചെയ്യുവാനുള്ള പ്രാപ്തിക്കുറവും ചിന്തിക്കൂവാനുള്ള മടിയും കുട്ടികളെ ഗണിതത്തിൽ നിന്നും അകറ്റുന്നു .ഒരു ഗണിത പ്രശ്നം നിർദ്ധാരണം ചെയ്യുവാൻ പഠിക്കുമ്പോൾ ആ പ്രശ്നത്തിന്റെ എല്ലാ വശങ്ങളും അറിഞ്ഞിരിക്കേണ്ടതും അവ പരിഹരിക്കുവാൻ ഉള്ള എല്ലാ മാർഗ്ഗങ്ങളും അറിയുകയും വേണം .ഇങ്ങനെ പരിഹരിക്കുവാൻ പ്രാപ്തി നേടുന്ന കുട്ടി ജീവിതത്തിലും ഒരു പ്രശ്നം വരുമ്പോൾ പതറാതെ സമചിത്തതയോടെ അതിനെ കൈകാര്യം ചെയ്യുന്നു. ഗണിത പഠനം തുടർച്ചയായ ഒരു പ്രവർത്തനം ആണെങ്കിലും എകദേശം 90% കുട്ടികളും വിദ്യാലയത്തിൽ ഉള്ള സമയത്ത് മാത്രം പഠനം നടക്കുകയും നിസാര കാര്യങ്ങൾക്കും മറ്റും സ്കൂളിൽ വരാതിരിക്കുന്ന അവസ്ഥയും ഈയൊരു തുടർ പ്രവർത്തനത്തെ ബാധിക്കുന്നു. ഇങ്ങനെ അടിസ്ഥാന ആശയങ്ങൾ ഉറയ്ക്കാത്ത കുട്ടികൾ ഗണിത പഠനത്തിൽ പിന്നോട്ട് പിന്നോട്ട് പോകുന്നു. വീട്ടിൽ പഠന സാഹചര്യമില്ലായ്മയും പഠനത്തെ ബാധിക്കുന്നു. ഇവയെല്ലാം കണക്കിലെടുത്ത് രൂപപ്പെടുത്തിയതാണ് ഈ മാസ്റ്റർ പ്ലാൻ . കൂടാതെ ഇന്ന് മത്സര പരീക്ഷകളിൽ ഗണിത ഭാഗത്തു നിന്നുള്ള 95% ചോദ്യങ്ങളും ആറാം ക്ലാസു മുതൽ പത്താം ക്ലാസ്സുവരെയുള്ള പാഠഭാഗത്തു നിന്നുള്ളതായതിനാലും ഭൂരിഭാഗം മത്സരാർത്ഥികളും എറ്റവും പരാജയപ്പെടുന്ന മേഖല ഗണിത ഭാഗമാണെന്നതിനാലും ഈ ഭാഗം കൈകാര്യം

ചെയ്യുന്നതിനുള്ള ഒരു അടിസ്ഥാന പരിശീലനം കൂടി ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഉന്നത പഠനത്തിലേയ്ക്ക് പോകുമ്പോൾ ആദ്യഘട്ടത്തിൽ കുട്ടികൾ നേരിടുന്ന വെല്ലുവിളി ലഘൂകരിക്കുക എന്ന ഉദ്ദേശത്തോടു കൂടി നടത്തുന്ന പ്രവർത്തനവും ഇതിൽ അടങ്ങിയിരിക്കുന്നു .ഇതിനായി ആവശ്യമായ മൊഡ്യൂളുകൾ തയ്യാറാക്കി 2027 നോടുകൂടി ഗണിതത്തിൽ ഇന്ന് കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുകയും ഭാവിയിൽ ഗണിതം ഉപയോഗിക്കേണ്ട അവസരങ്ങളിൽ ഒട്ടും പതറാതെ ഉപയോഗിക്കുവാൻ പ്രാപ്തരാക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടു കൂടി ഈ സ്കൂളിലെ കുട്ടികളുടെ സാമൂഹ്യ സാമ്പത്തിക മാനസ്സിക ചുറ്റുപാടുകളെയും കഴിവുകളെയും മനസ്സിലാക്കി തയ്യാറാക്കിയതാണ് ഈ മാസ്റ്റർ പ്ലാൻ

**ചുമതലകൾ**

ലിൻസി ജോർജ്

രമ്യ ടി നായർ

ഷൈനി എബ്രാഹം

റാണി ഫിലിപ്പ്

ഷിനു മാനുവൽ കെ രാജൻ
ആശാ മോൾ കെ ആർ

**മേഖലകൾ/ലക്ഷ്യങ്ങൾ**

1) ചതുഷ്ക്രിയയിൽ ഉള്ള പ്രാവീണ്യം

2) ജ്യാമിതിയരൂപങ്ങളെക്കുറിച്ചുള്ള ധാരണയും അവയുടെ അളവുകൾ കൈകാര്യം ചെയ്യുവാനുള്ള ശേഷിയും

3) നിത്യജീവിതത്തിൽ ഗണിത ക്രിയകൾ ചെയ്യുവാനുള്ള ശേഷി കൈവരിക്കൽ

4) ബീജഗണിത വാചകങ്ങളെ നിർദ്ധാരണം ചെയ്യുന്നതിന് ഉള്ള പരിശീലനം

5) ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട ശേഷികൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പു വരുത്തൽ

6) എല്ലാ ക്ലാസിലെയും സമർഥരായ കുട്ടികൾക്ക് LSS,USS,PSC,UPSA,SSA തുടങ്ങിയ മത്സര പരീക്ഷകൾക്ക് ഗണിത ഭാഗം കൈകാര്യം ചെയ്യുന്നതിനു പ്രാപ്തരാക്കൽ

7) പത്താം ക്ലാസിൽ കണക്കിന് 100 % വിജയവും, 1 A+, 3 A എന്നിവ നേടിയെടുക്കൽ

8) ഗണിതപ്പുര

9) ഗണിത ശാസ്ത്രമേളകളിൽ ഉള്ള പ്രാതിനിധ്യം

| ലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ | തടസ്സങ്ങൾ | പ്രവർത്തനം പൂർത്തികരിക്കുന്ന സമയം / കാലയളവ് | പ്രവർത്തനങ്ങൾ | പ്രവർത്തനത്തി നായി കണ്ടെത്തുന്ന സമയം | മൂല്യനിർണ്ണയ മാർഗ്ഗങ്ങൾ |
|---|---|---|---|---|---|---|
| ചതുഷ്ക്രിയിൽ ഉള്ള<br><br>പ്രാവിണ്യം | ഓരോ ക്ലാസിനെയും നിലവാരം അനുസരിച്ച് എണ്ണൽ സംഖ്യ, ന്യൂനസംഖ്യ, ഭിന്ന സംഖ്യ, ദശാംശ സംഖ്യ, അ ഭിന്നക സംഖ്യ BODMAS നിയമം തുടങ്ങിയവയുടെ ചതുഷ്ക്രിയകൾ ചെയ്യുവാൻ പ്രാപ്തി നേടുക മനഃകണക്കായ ചതുഷ്ക്രിയ ചെയ്യുവാൻ ഉപകരണങ്ങൾ ഉപയോഗിച്ച് ഉള്ള പരിശീലനം (Calculator,computer, mobile apps) | സങ്കലന ഗുണന പട്ടിക മനപ്പാഠമാക്കാത്തത് ക്രിയകൾ ചെയ്യുവാനുള്ള ധാരണക്കുറവ് | LP ക്ലാസ്സുകളിൽ പാഠപുസ്തകത്തിനൊപ്പം<br>UP ,HS ക്ലാസുകളിൽ എല്ലാ വർഷവും June 30 | മൊഡ്യൂൾ തയ്യാറാക്കൽ<br>സങ്കലന ഗുണന പട്ടികകൾ മനപാഠമാക്കൽ<br>നിരന്തരം പ്രശ്നങ്ങൾ നൽകൽ<br>work Bookക്കുകൾ നൽകി പരിശീലനം നൽകുന്നു<br>mobile apps ഉപയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു (ഉദാ ത്രികോണത്തിന്റെ പരപ്പളവ്, unit conversation etc<br>computer സഹായം<br>J fraction Lab<br>Math war<br>PySio Game | ക്ലാസ് സമയത്തിന് മുന്പും ശേഷവും | നിരന്തര ടെസ്റ്റുകൾ |
| നിത്യജീവിതത്തിൽ ഗണിത ക്രിയകൾ ചെയ്യവാനുള്ള ശേഷി നേടൽ | | സന്ദർഭോചിതമായി ഗണിത ക്രിയകൾ പ്രയോഗിക്കുവാനുള്ള കഴിവില്ലായ്മ | വർഷം മുഴവൻ | മൊഡ്യൂൾ തയ്യാറാക്കൽ<br>നിത്യജീവിതത്തിൽ ഗണിത ക്രിയകൾ ഉൾപ്പെടുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും അത്തരം ക്രിയകൾ ചെയ്യുവാനുള്ള കഴിവ് നേടിയെടുക്കുന്നതിനുള്ള കൂടുതൽ പ്രവർത്തനങ്ങൾ ചെയ്യിക്കുന്നു | ഒഴിവ് സമയങ്ങളിൽ | Test കർ മാസം തോറും |
| ബീജഗണിത വാചകങ്ങളെ നിർദ്ധാരണം ചെയ്യുന്നതിന് ഉള്ള പരിശീലനം | 7, 8, 9, 10 ക്ലാസിലെ കുട്ടികൾക്കായി | | June 30, | മൊഡ്യൂൾ തയ്യാറാക്കൽ<br>work book നൽകി പരിശീലനം നൽകുന്നു | ഒഴിവ് സമയം, വീട്ടുകളിൽ പോയി ചെയ്യുവാനായി | എല്ലാ ആഴ്ചയും എല്ലാ മാസവും |
| എല്ലാ ക്ലാസിലെയും സമർഥരായ കുട്ടികൾക്ക് LSS,USS | LP - LSS<br>UP-USS | സമയക്കുറവ് | 2026 | LS S, USS തുടങ്ങിയവയ്ക്ക് തിരഞ്ഞെടുത്ത കുട്ടികൾക്ക് പരിശീലനം നൽകുന്നു | ക്ലാസ്സിനു ശേഷം | |

| | | | | | | |
|---|---|---|---|---|---|---|
| PSC,UPSA,SSA തുടങ്ങിയ മത്സര പരീക്ഷകൾക്ക് ഗണിത ഭാഗം കൈകാര്യം ചെയ്യുന്നതിനു പ്രാപ്തരാക്കൽ | UP,HS ,–PSC ,UPSA,SSA,.. | | 2027 | മൊഡ്യൂൾ തയ്യാറാക്കൽ ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് വരാവുന്ന PSC ചോദ്യങ്ങൾ തയ്യാറാക്കുകയും അവ ചെയ്യുവാനുള്ള പലിശീലനം നൽകുകയും ചെയ്യുന്നു.ഓരോ വർഷവും മുൻ വർഷങ്ങളിൽ പഠിച്ചതടക്കം പുതിയ ഭാഗങ്ങൾക്ക് പരിശീലനം നൽകുന്നു .7 ലെ കുട്ടി 10 കഴിയുമ്പോൾ PSC ഗണിത ഭാഗം ചെയ്യുവാൻ പ്രാപ്തനാക്കുന്നു | ഓരോ പാഠം ഭാഗവും പഠിപ്പിച്ച ശേഷം ആഴ്ചയിൽ ഒരിക്കൽ ക്ലാസ് സമയത്തിനു ശേഷം | മാതൃകാപരീക്ഷകൾ. |
| ഓരോ ക്ലാസ്സിലെയും കുട്ടികൾ നേടിയെടുക്കേണ്ട ശേഷികൾ നേടി എന്ന് ഉറപ്പ വരുത്തുക | പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കുവാനും അവർക്കായി കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തി ചെയ്യുവാനുമുള്ള സമയപരിമിതി | | 2025 | ഓരോ ശേഷിയും നേടിയെടുക്കുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തി ചെയ്യിക്കുന്നു ( പാഠ പുസ്തകത്തിന് അധീതമായി) ,ശ്രദ്ധ | ഒഴിവു സമയങ്ങൾ | പ്രീ ടെസ്റ്റ് ,ടെസ്റ്റുകൾ |
| ഗണിതപ്പുര | കുട്ടികൾക്ക് ഗണിതപരമായ വസ്തുക്കൾ ഉണ്ടാകുവാനും പ്രദർശിപ്പിക്കുവാനുമുള്ള സൗകര്യം | | 2025 | ഓരോ പാഠ ഭാഗവും കടന്നു പോകുമ്പോൾ അവയുമായ ബന്ധപ്പെട്ടതോ കുട്ടികളുടെ സ്വതന്ത്യ ആശയങ്ങളോ നിർമ്മിക്കുവാൻ ഉള്ള സ്ഥലം ഒരുക്കൽ .നിർമ്മിതിക്ക് ആവശ്യമായ ഉപകരണങ്ങൾ, വസ്തുക്കൾ മുതലായവ ഒരുക്കിയിരിക്കും. കുട്ടികൾക്ക് എതു സമയത്തും ഉപയോഗിക്കുവാൻ ഉള്ള സൗകര്യം | | |
| ഗണിത മേളകളിൽ ഉള്ള പ്രാതിനിധ്യം | ഗണിതശാസ്ത്ര മേളയിൽ സബ് ജില്ലാ തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും 3 വർഷത്തക്കുള്ളിൽ ഒരാളെയെങ്കിലും പങ്കെടുപ്പിക്കുക | കുട്ടികളുടെ താത്പര്യം ഇല്ലായ്മ | 2025 | 5,6, 7, 8 ക്ലാസ്സുകളിലെ കഴിവുള്ള കുട്ടികളെ കണ്ടെത്തിപരിശീലനം നൽകുക | | പലതലത്തിൽ ഉള്ള മത്സരങ്ങളിൽ പങ്കെടുപ്പിക്കുക |
| ഒരുക്കം | ഉന്നത പഠനത്തിലേയ്ക്ക് എത്തുമ്പോൾ കുട്ടികൾക്ക് പഠന മാധ്യമം മലയാളത്തിൽ നിന്നും ഇംഗ്ലീഷിലേക്ക് മാറുമ്പോൾ ഉണ്ടാകുന്ന താത്കാലിക വിഷമം മറികടക്കുന്നതിനും ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന തരത്തിൽ ഉള്ള പ്രവർത്തനം | | 2026 | മൊഡ്യൂൾ തയ്യാറാക്കൽ 8, 9, 10 ക്ലാസുകളിൽ അവർ പഠിക്കുന്ന ഭാഗത്തു നിന്നും ഉള്ള സാങ്കേതിക പദങ്ങൾ ,ഉപയോഗിക്കുന്ന ശൈലികൾ രീതികൾ എന്നിവയിൽ പരിശീലനം സമയം –ക്ലാസ് സമയം | | |
| ക്രിയേറ്റീവ് കോർണർ | തയ്യൽ പരിശീലനം മേ ശ, കസേര, | സമയക്കുറവ് | 2025 | തയ്യൽ പരിശീലനം ഉപകരണ നിർമ്മാണം, കൃഷി | ശില്പശാല സംഘടിപ്പിക്കുന്നു | മത്സരത്തിൽ പങ്കെടുപ്പിക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| | ടീപ്പോ, കട്ടിൽ തുടങ്ങിയ ഉപകരണങ്ങളുടെ നിർമ്മാണം, | | | | ഒഴിവ് ദിനങ്ങളിൽ | |
| | | | | | | |

ഒരു സമൂഹത്തിന്റെ കൂട്ടായ ഉത്തരവാദിത്തത്തിലൂടെയുള്ള പ്രവർത്തനത്തിലൂടെ ഈ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുവാൻ കഴിയും എന്ന ഉത്തമ വിശ്വാസത്തോടെ ………..